**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2773** **13-10-2021 - ൽ മറുപടിയ്ക്ക്**

**വനവത്കരണ പദ്ധതികളും സഹായവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനവൽക്കരണ പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയ്ക്ക് വനം വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (എ) | 1. ഹരിത കേരളം പദ്ധതി പ്രകാരം 2021 ജൂൺ 5 മുതൽ ഒരു മാസകാലയളവിൽ വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, സർക്കാർ ഇതരസംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തു വരുന്നുണ്ട്. അതിനു ശേഷം സർക്കാർ നിശ്ചയിച്ച നിരക്കിൽ പൊതുജനങ്ങൾക്ക് തൈ വിതരണം ചെയ്യുന്നു. 2. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 29.09.2012-ലെ സ.ഉ(സാധാ) 486/12/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. 3. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസുകൾ, ക്യാമ്പുകൾ, |

| | | | |
|---|---|---|---|
| | | | പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ